**കേരള സർക്കാർ**

**"ഭരണഭാഷ മാതൃഭാഷ"**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- ട്രാൻസ്ജെൻഡർ വ്യക്തികളെ ഭിന്നലിംഗം, മൂന്നാംലിംഗം, ഭിന്നലൈംഗികം എന്നിങ്ങനെ അഭിസംബോധന ചെയ്യുന്നതും ഔദ്യോഗിക രേഖകളിൽ ഉപയോഗിക്കുന്നതും ഒഴിവാക്കിക്കൊണ്ട് ഉത്തരവാകുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.388/2019/സാനീവ തീയതി, തിരുവനന്തപുരം, 28.06.2019**

---

പരാമർശം:(1) സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 06/02/2019 ലെ സി2-1386/19-ാം നം കത്ത്

**ഉത്തരവ്**

ട്രാൻസ്ജെന്റർ വ്യക്തികളെ ഭിന്നലിംഗം, മൂന്നാംലിംഗം, ഭിന്നലൈംഗികം എന്നിങ്ങനെ അഭിസംബോധന ചെയ്യുന്നതും ഔദ്യോഗിക രേഖകളിൽ ഉപയോഗിക്കുന്നതും പ്രസ്തുത വിഭാഗങ്ങൾക്കിടയിൽ പ്രതിഷേധത്തിന് ഇടയാക്കുന്നുവെന്നും ആയതിനാൽ ടി പ്രയോഗങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും, തത്തുല്യമായ പദം ലഭിക്കുന്നതു വരെ മേൽ പദങ്ങൾ ഒഴിവാക്കിക്കൊണ്ട് "ട്രാൻസ്ജെന്റർ" എന്ന പദം മാത്രം രേഖകളിൽ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം പുറപ്പെടുവിക്കണമെന്നും പരാമർശം പ്രകാരം സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

2) സർക്കാർ ഈ വിഷയം പരിശോധിച്ചു. ട്രാൻസ്ജെൻഡർ വ്യക്തികളെ ഭിന്നലിംഗം, മൂന്നാംലിംഗം, ഭിന്നലൈംഗികം എന്നിങ്ങനെ അഭിസംബോധന ചെയ്യുന്നതും ഔദ്യോഗിക രേഖകളിൽ ഉപയോഗിക്കുന്നത് ഒഴിവാക്കിക്കൊണ്ടും തത്തുല്യമായ പദം ലഭിക്കുന്നതുവരെ മേൽ പദങ്ങൾ ഒഴിവാക്കിക്കൊണ്ട് "ട്രാൻസ്ജെന്റർ" എന്ന പദം മാത്രം രേഖകളിൽ ഉപയോഗിക്കുന്നതിനുള്ള പൊതു നിർദ്ദേശം നൽകിക്കൊണ്ടും ഇതിനാൽ സർക്കാർ ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ദിലീപ് കുമാർ റ്റി.ഐ**
**അണ്ടർ സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ